## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.268 — 19.06.2018- ൽ മറുപടിയ്ക്ക്

## കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ<br>,, കെ.കുഞ്ഞിരാമൻ<br>,, കെ. ബാബു<br>,, ബി.ഡി. ദേവസ്സി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ വിശ്വാസ്യതയ്ക്കും അതുവഴി ന്യായവില ലഭ്യമാക്കുന്നതിനുമായി ഉത്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (എ) കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരവും വിശ്വാസ്യതയും അതുവഴി ന്യായവില ലഭ്യമാക്കുന്നതിനുമായി ഉത്പന്നങ്ങൾക്ക് "കേരള ഓർഗാനിക്" എന്ന ബ്രാൻഡിംഗ് നല്കിയിട്ടുണ്ട്. ഉത്തമ കൃഷി മുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്റർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും കൂടാതെ ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണി മുഖേനയും ഉയർന്ന വില കർഷകർക്ക് നല്കി സംഭരണവും വില്പനയും നടത്തി വരുന്നു. കൂടാതെ കാർഷികോത് പന്നങ്ങളുടെ ഗുണനിലവാരത്തിൽ ജനങ്ങൾക്ക് വിശ്വാസ്യത ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിട ങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന നടത്തി, പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ |

www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവേതര കൃഷിയിലൂടെ ഉത്പാദിപ്പിച്ച വിൽക്കുന്ന ഉത്പന്നങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ അംശമില്ലാത്തവയാണെന്ന് ഉറപ്പുവരുത്തുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവേതര കൃഷിയിലൂടെ ഉത്പാദിപ്പിച്ച വിൽക്കുന്ന ഉത്പന്നങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ അംശമില്ലാത്തവയാണെന്ന് ഉറപ്പുവരുത്തുന്നതിനും സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസറഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(സി) മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിവിധ കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, തേൻ, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ, റബ്ബർ മുതലായവയ്ക്ക്

അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഘട്ടം എന്ന നിലയിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് ജില്ലയിൽ കുത്താളി ഫാമിലും, വേങ്ങേരി കാർഷികമൊത്ത വ്യാപാര വിപണന കേന്ദ്രത്തിലും ബനാന & ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ ഫാമിലും, വെജിറ്റബിൾ അഗ്രോ പാർക്ക് ഇടുക്കി ജില്ലയിലെ പഴത്തോട്ടത്തുമാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്.

കൂടാതെ എസ്.എഫ്.എ.സി (Small Farmers Agriculture-Business Consoritum) മുഖാന്തിരം കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50%) കെട്ടിടത്തിനും യന്ത്ര സാമഗ്രികൾക്കും വേണ്ടി ചെലവാക്കുന്ന തുക യൂണിറ്റുകൾക്ക് ധന സഹായമായി നൽകുന്നു.

| | |
|---|---|
| (ഡി) ഭക്ഷ്യസംസ്കരണത്തിന് കൃഷി വകുപ്പിന് കീഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഡി) പരിശോധിച്ചുവരുന്നു |

**സെക്ഷൻ ഓഫീസർ**